TUESDAY 09.01.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/01/2024

1. ക്ഷീര വികസന വകുപ്പിന്റെ 2023 -24 വാർഷിക പദ്ധതിയുടെ ഭാഗമായുള്ള എറണാകുളം ജില്ല ക്ഷീരസംഗമം ജനുവരി 8, 9 തീയതികളിൽ മണീട് സെന്റ് കുര്യാക്കോസ് കത്തീഡ്രൽ പാരിഷ് ഹാളിലും പരിസരത്തും വച്ച് നടത്തപ്പെടുന്നു. പ്രസ്തുത ക്ഷീര സംഗമത്തിന്റെ ഉദ്ഘാടനം ഇന്ന് (2024 ജനുവരി 9 ന്) പകൽ 12 മണിക്ക് മണീട് സെന്റ് കുര്യാക്കോസ് കത്തീഡ്രൽ പാരിഷ് ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി നിർവഹിക്കും. ക്ഷീര സംഗമത്തോടനുബന്ധിച്ച് ക്ഷീരകർഷക ചർച്ചാ വേദി, ക്ഷീരസംഘം ജീവനക്കാർക്കുള്ള ശിൽപ്പശാല, ക്ഷീരസംഘം ജീവനക്കാർക്കുള്ള ആദരം, ഡയറി എക്സിബിഷൻ, ക്ഷീരവികസന സെമിനാർ, ക്ഷീരകർഷകർക്കുള്ള ആദരം, ഉരുക്കളുടെ പ്രദർശനം, മൃഗ ചികിത്സാ ക്യാമ്പ്, പൊതുസമ്മേളനം എന്നീ വൈവിധ്യമാർന്ന പരിപാടികൾ ഉണ്ടായിരിക്കും.

2. സംസ്ഥാനത്തെ മുഴുവൻ പശുക്കൾക്കും സമഗ്ര ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. പദ്ധതി നടപ്പാക്കുന്നതോടെ കിടാരി നഷ്ടപ്പെടുന്ന കർഷകന് അതേ വിലയുള്ള പശുവിനെ വീണ്ടെടുക്കാനും ക്ഷീര മേഖലയിൽ കൂടുതൽ പാൽ ഉത്പാദിപ്പിച്ച് പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാവുമന്ദം ലൂർദ് മാതാ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ജില്ലാ ക്ഷീരകർഷക സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

3. കേരളത്തിലെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിയന്ത്രണ ബിൽ ഉടൻ പ്രാബല്യത്തിൽ വരുത്തുമെന്ന് മൃഗ സംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി. ജില്ലാ ക്ഷീര കർഷക സംഗമം ആവളയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കാലിത്തീറ്റ കഴിച്ച് മരണപ്പെടുന്ന പശുക്കൾക്ക് ഇൻഷൂറൻസ് പരിരക്ഷയില്ലെങ്കിലും പകരം പശുവിനെ ലഭിക്കാൻ ഈ ബില്ല് പ്രാബല്യത്തിൽ വരുന്നതോടെ സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു. അപകടകരമാകുന്ന രീതിയിലുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന കമ്പനിക്കാരെ ശിക്ഷിക്കുവാൻ ഈ ബില്ല് വഴി സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

4. കേരള സംസ്ഥാന ബാംബൂ മിഷൻ ഒരുക്കുന്ന 20-ാമത് കേരള ബാംബൂ ഫെസ്റ്റ് 2024 ജനുവരി 12 മുതൽ 17 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ സംഘടിപ്പിക്കുന്നു. 2024 ജനുവരി 12ന് ഉദ്ഘാടനത്തിനോടനുബന്ധമായി വൈകുന്നേരം 6.00 മണി മുതൽ മേള പ്രദർശനം ആരംഭിക്കും. പൊതുജനങ്ങൾക്ക് മുള-കരകൗശല ഉത്പ്പന്നങ്ങളുടെ നിർമാണ രീതികൾ തത്സമയം നേരിട്ട് മനസ്സിലാക്കുന്നതിനും കലാകാരന്മാരോട് ആശയവിനിമയം നടത്തുന്നതിനും ഒപ്പം വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. 2024 ജനുവരി 13 മുതൽ 17 വരെ രാവിലെ 11.00 മുതൽ രാത്രി 9.00 മണി വരെയാണ് മേളയുടെ സമയക്രമം. മേളയിൽ പ്രവേശനം സൗജന്യമാണ്.

5. കേരള പ്ലാന്റേഷൻ എക്സ്പോ 2024 കൊച്ചി -കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ വച്ച് ജനുവരി 20 21 22 തീയതികളിൽ ആയി സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് 150 ഓളം സ്റ്റാളുകൾ, ബി ടു ബി മീറ്റ്, പ്ലാന്റേഷൻ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉണ്ടായിരിക്കും. സ്റ്റാളുകൾ രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ തുറന്നു പ്രവർത്തിക്കും.

6. തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ കൂൺ വിത്തുകൾ വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

7. കേരള കാർഷിക സർവകലാശാല ഇ പഠന കേന്ദ്രം 'ലാൻഡ്സ്കേപ്പിംഗ് എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് 2024 ജനുവരി 11 മുതൽ ഫെബ്രുവരി 1 വരെ നടത്തുന്നു. 2024 ജനുവരി 10 വരെ www.celkau.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് -0487-2438567,8547837256, 9497353389 എന്ന ഫോൺ നമ്പരിലോ, celkau@gmail.com എന്ന ഇമെയിലിലോ ബന്ധപ്പെടുക.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻ്ററിൻ്റെ ആഭിമുഖ്യത്തിൽ 2024 ജനുവരി 19,20 തീയതികളിൽ തേനീച്ച വളർത്തൽ, 22 ന് കന്നുകാലി ഫാമുകളിലെ ജൈവമാലിന്യ സംസ്കരണവും ജൈവസുരക്ഷയും (ചാണകത്തിൽ നിന്നുള്ള വിവിധതരം വളങ്ങളുടെ നിർമാണം) , 23 ന് കേക്ക് നിർമ്മാണവും അലങ്കാരവും എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 16 ന് ശാസ്ത്രീയ പശു വളർത്തൽ, 23ന് ഫാം ടൂറിസം നിങ്ങളുടെ ഫാമിലും, 29ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 10 മുതൽ 22 വരെയുള്ള 10 ദിവസങ്ങളിലായി 'ക്ഷീരോത്പന്ന നിർമ്മാണ പരിശീലന'. പരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ള ക്ഷീര കർഷകർക്കും സംരഭകർക്കും ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനാർത്ഥികൾ 2024 ജനുവരി 09 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം